പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5054 — 24.7.2015 ലെ മറുപടിയ്ക്ക്

## കിറ്റ്സ് കോഴ്സുകൾ

| | ചോദ്യം<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എം.ഹംസ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | കിറ്റ്സിലെ ഏതെങ്കിലും കോഴ്സുകൾ പ്രൈവറ്റ് ഏജൻസികൾക്ക് ക്ലാസ്സുകൾ നടത്തുന്നതിനായി വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത ഏജൻസികളുടെ വിശദവിവരം നൽകുമോ; | എ) | ഉണ്ട്. ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ എയർ കാർഗോ ഓപ്പറേഷൻസ് എന്നീ കോഴ്സുകൾ കിറ്റ്സിന്റെ ടെക്നിക്കൽ കണസൾട്ടന്റായ M/s Xtreem Multimedia Technical Service Pvt.Ltd ഉം കിറ്റ്സിന്റെ ഇൻഡസ്ട്രി പാർട്ട്ണർ ആയ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന i Nurture എന്ന സ്ഥാപനവും ചേർന്ന് നടത്തുന്നു. കിറ്റ്സിന്റെ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്കിൽ ഡെവലപ്മെന്റ് കണസൽട്ടൻസി ആണ് എക്സ്ട്രീം മൾട്ടിമീഡിയ. കേന്ദ്ര സർക്കാരിന്റെ എൻ.എസ്.ഡി.സി ട്രെയിനിങ് സർവ്വീസ് പ്രൈവെഡറും ഓട്ടോമോട്ടീവ് സ്കിൽ കൗൺസിലിൽ അഫിലിയേറ്റഡ് പാർട്ടണറും കേരള സർക്കാറിന്റെ സി ആപ്റ്റ് മൾട്ടീമീഡിയ അക്കാഡമിയുടെ ടെക്നിക്കൽ കൺസൽറ്റന്റുമാണ് ഈ സ്ഥാപനം. കിറ്റ്സിലെ പുതിയ സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതും കോഴ്സ് ഡെവലപ്മെന്റ് ചെയ്യുന്നതും, മാർക്കറ്റിംങ് പ്ലാൻ ഉണ്ടാക്കുന്നതും കൂടാതെ കോഴ്സ് നടത്തിപ്പിനും വിദ്യാർത്ഥികളുടെ പ്ലേസ്മെന്റിനും, ഇന്റേൺഷിപ്പിനും വേണ്ടി ഇൻഡസ്ട്രി പാർട്ണറിനെ തിരഞ്ഞെടുക്കുന്നതും കോഴ്സിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതും എക്സ്ട്രീം മൾട്ടിമീഡിയ ടെക്നിക്കൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് ആണ്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന i Nurture എന്ന സ്ഥാപനം രാജ്യത്തിനകത്തും പുറത്തുമായി വിവിധ യൂണിവേഴ്സിറ്റികളിൽ ഏറ്റവും ആധുനിക |

| | | | |
|---|---|---|---|
| | | | തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനം ആണ്. രാജ്യത്തെ ഏകദേശം 17 യൂണിവേഴ്സിറ്റികളിലും മറ്റ് പ്രശസ്ത കോളേജുകളിലും അവർ കോഴ്സുകൾ നടത്തുന്നുണ്ട്. കേരള സർക്കാരിന്റെ അസാപ് പ്രോജക്ടിലും i Nurture ട്രെയിനിംഗ് പ്രൊവൈഡർ ആയി സഹകരിക്കുന്നുണ്ട്. |
| ബി) | ഇപ്രകാരം കിറ്റ്സിലെ കോഴ്സുകൾ സർക്കാരിതര ഏജൻസികൾക്ക് നൽകുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | ബി) | ഇല്ല |
| സി) | അത്തരം കോഴ്സുകൾ നടത്തുന്നതിന് കിറ്റ്സ് പ്രസ്തുത ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ